യാണ്. ജില്ലാ കളക്ടറോട് അന്വേഷിച്ച് റിപ്പോർട്ട് തരുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. മരിച്ചുപോയ ആളുകളുടെ കുടുംബത്തിനു സഹായം നൽകുന്ന കാര്യം ഗവൺമെന്റ് പരിഗണിക്കും. ജില്ലാ കളക്ടറുടെ റിപ്പോർട്ട് കിട്ടിയാൽ ഉടനെ ആവശ്യമായ നടപടികളും സ്വീകരിക്കുന്നതാണ്.

(3) കായംകുളം ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തൽ.

ശ്രീ. രമേശ് ചെന്നിത്തല: വളരെ വർഷങ്ങളായി കായംകുളം ഫിഷിംഗ് ഹാർബർ ആരംഭിക്കണമെന്ന് ജനങ്ങളും ഉന്നയിക്കുന്ന ഒരു കാര്യമാണ്. അതിന്റെ ഇൻവെസ്റ്റിഗേഷന്റെ പണി നടന്നു കഴിഞ്ഞിട്ടുണ്ട് എന്നാണ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. കായംകുളം, കരുനാഗപ്പള്ളി, ഹരിപ്പാട് എന്നീ മൂന്നു നിയോജകമണ്ഡലങ്ങളിലെ തീരദേശവാസികളായ ജനങ്ങളെ സംബന്ധിച്ചിടത്തോളം വളരെ പ്രതീക്ഷയോടുകൂടി കാത്തിരിക്കുന്ന ആ ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം ഒച്ചിന്റെ വേഗതയിലാണ് നീങ്ങുന്നത്. അതുകൊണ്ട് ആ ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം എത്രയുംപെട്ടെന്ന് ത്വരിതപ്പെടുത്താനും മൽസ്യത്തൊഴിലാളികളടക്കമുള്ള ആ പ്രദേശത്തെ ജനങ്ങളുടെ ആഗ്രഹം പൂർത്തീകരിക്കാനും വിനീതമായി ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): കായംകുളം ഫിഷിംഗ് ഹാർബറിനെ സംബന്ധിച്ച പ്രാഥമികമായ റിപ്പോർട്ട് എല്ലാം കിട്ടിക്കഴിഞ്ഞിട്ടുണ്ട്. അതുസംബന്ധിച്ച് വിശദമായ പഠനം ആവശ്യമാണ്. പഠനം നടത്തുന്നത് ലാൽബഹദൂർ ഇൻസ്റ്റിറ്റ്യൂട്ടിലുള്ള എഞ്ചിനീയറിംഗ് വിഭാഗ്ദ്ധൻമാരാണ്. അവർ ചെമ്പാൻ പ്രോജക്ടിന്റെ അന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഈ വർഷം അവസാനത്തോടുകൂടി അതു പൂർത്തിയാകും. അതു പൂർത്തിയായിക്കഴിഞ്ഞാൽ അവർ ഈ ജോലി ഏറ്റെടുത്തു നടത്തും. അവരുടെ റിപ്പോർട്ട് കിട്ടിയാൽ ആവശ്യമായ നടപടികളും സാമ്പത്തിക സ്ഥിതി അനുസരിച്ച് സ്വീകരിക്കുന്നതായിരിക്കും.

(4) കൃഷി ഇൻഷ്വറൻസ് ഏർപ്പെടുത്തണമെന്ന ആവശ്യം

ശ്രീ. കെ.ഇ. ഇസ്മയിൽ: നമ്മുടെ സംസ്ഥാനത്ത് ഓരോ വർഷവും മാറിമാറിവരുന്ന അതിവൃഷ്ടിയും അനാവൃഷ്ടിയും നമ്മുടെ സംസ്ഥാനത്തെ കർഷകരെ വല്ലാതെ വിഷമിപ്പിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞവർഷത്തിനുമുൻപുണ്ടായ വരൾച്ചയുടേയും ഈ വർഷം ഉണ്ടായ കാലവർഷക്കെടുതികളുടേയും ഫലമായി കൃഷിയിറക്കാൻപോലും കഴിയാത്ത നിരവധി കർഷകർ നമ്മുടെ സംസ്ഥാനത്തുണ്ട്. ഈ സാഹചര്യത്തിൽ കൃഷിക്കാരെ സഹായിക്കുന്നതിന് നമ്മുടെ സംസ്ഥാനഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഇപ്പോഴുള്ള ഒരു നിർദ്ദേശം വിള ഇൻഷ്വറൻസ് എന്ന പദ്ധതിമാത്രമാണ്. എന്നാൽ വിളയിറക്കാൻപോലും കഴിയാത്ത സാഹചര്യമാണ് ഈ കാലാവസ്ഥയിൽ ഉണ്ടായിരിക്കുന്നത്. അട്ടപ്പാടിമേഖലയിൽ വരൾച്ചമൂലം കൃഷിയിറക്കാൻ കഴിഞ്ഞിട്ടില്ല. കാലവർഷക്കെടുതികൊണ്ട് കൃഷിയിറക്കാൻ കഴിയുന്നില്ല. നെൽക്കൃഷി മാത്രമല്ല, കടല, കരിമ്പ്, പരുത്തി തുടങ്ങിയ കൃഷികളും ഇറക്കാൻ കഴിയാത്ത സാഹചര്യമുണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ട് കർഷകർ എന്തു ചെയ്യണമെന്നറിയാതെ വളരെയേറെ പ്രതിസന്ധിയിലാണ്. നമ്മുടെ സാമ്പത്തികഘടനതന്നെ കാർഷികമേഖലയുമായി ബന്ധപ്പെട്ടിരിക്കുന്നതുകൊണ്ട് ഈ കാർഷിക മേഖലയിലെ കർഷകരെ സഹായിക്കുന്നതിന് കൃഷിക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുകയെന്ന ഒരു പദ്ധതി കേന്ദ്രഗവൺമെന്റുമായി ആലോചിച്ച് സംസ്ഥാനത്തു നടപ്പിലാക്കാൻ കഴിഞ്ഞില്ലെങ്കിൽ നമ്മുടെ സംസ്ഥാനത്തെ കൃഷിയെ രക്ഷിക്കുവാൻ കഴിയില്ല. അതുകൊണ്ട് ലൈഫ് ഇൻഷ്വറൻസ് പോലെ കൃഷിക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തണമെന്നു ഞാൻ ശക്തിയായി ആവശ്യപ്പെടുകയാണ്.

കൃഷിവകുപ്പു മന്ത്രി (ശ്രീ. എ.എൽ. ജേക്കബ്): അതിവർഷം വരൾച്ച തുടങ്ങിയവകൊണ്ട് ഉണ്ടാകുന്ന കൃഷിനഷ്ടംകൊണ്ട് കഷ്ടത അനുഭവിക്കുന്ന കൃഷിക്കാരെ സഹായിക്കുവാൻ ഒരു വിള ഇൻഷ്വറൻസ് പദ്ധതി കേന്ദ്രഗവൺമെൻറ് ആവിഷ്കരിച്ചിട്ടുണ്ട്. ഈ വർഷത്തെ വിരിപ്പു വിളകൾക്ക് ഈ പദ്ധതി കേരളത്തിലും നടപ്പാക്കിവരികയാണ്. ഇപ്പോൾ നെൽകൃഷി മാത്രമേ ഇൻഷ്വർ ചെയ്തിട്ടുള്ളൂ. താലൂക്ക് അടിസ്ഥാനത്തിലാണ് അതു ചെയ്യുന്നത്. സഹകരണ സ്ഥാപനങ്ങളിൽനിന്നോ ദേശവൽകൃത ബാങ്കുകളിൽനിന്നോ നെൽക്കൃഷിക്കുവേണ്ടി വാങ്ങിയിട്ടുള്ള കാർഷിക വായ്പയുടെ 150 ശതമാനംവരെയുള്ള തുകയ്ക്ക് ഇൻഷ്വർ ചെയ്യുന്നുണ്ട്. പ്രീമിയം രണ്ടു ശതമാനമാണ്. ചെറുകിട നാമമാത്ര കർഷകർക്ക് പ്രീമിയത്തിന്റെ 50 ശതമാനം സബ്സിഡിയായി നൽകുന്നു. കേരളത്തിന്റെ 53 താലൂക്കുകളിൽ ഈ പദ്ധതി നടപ്പിലാക്കിവരുന്നു. പാലക്കാട് ജില്ലയിലെ ചിറ്റൂർ, ആലത്തൂർ, പാലക്കാട്, ഒറ്റപ്പാലം, മണ്ണാർക്കാട് എന്നീ അഞ്ചു താലൂക്കുകളും ഇതിൽ ഉൾപ്പെടുന്നുണ്ട്. പാലക്കാട് ജില്ലാ സഹകരണ ബാങ്ക് വിള ഇൻഷ്വറൻസ് നടപ്പാക്കുന്നതിന് നടപടിയെടുത്തുകഴിഞ്ഞു. ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് പാലക്കാട് ജില്ലയിലെ ബാങ്കിംഗ് സ്ഥാപനങ്ങളുടെ ഒരു യോഗം ഈ മാസം ഇരുപതാംതീയതി കൂടുന്നുണ്ട്. സംസ്ഥാനത്ത് ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ ഗുരുതരമല്ല സ്ഥിതി.

(5) ഏറനാട്, പെരിന്തൽമണ്ണ താലൂക്കുകളിലെ റേഷൻ വിതരണം മുടങ്ങൽ—

ശ്രീ. പി. സീതി ഹാജി: മലപ്പുറം ജില്ലയിലെ ഏറനാട്, പെരിന്തൽമണ്ണ താലൂക്കുകളിൽ രണ്ടാഴ്ചയായി റേഷൻ വിതരണം മുടങ്ങിയിരിക്കുകയാണ്. അങ്ങാടിപ്പുറം ഗോഡൗണിലെ കരാറുകാരനും അവിടുത്തെ തൊഴിലാളികളും ആയിട്ടുള്ള തർക്കത്തിനെത്തുടർന്നാണ് റേഷൻ വിതരണം മുടങ്ങിയിരിക്കുന്നത്. സിവിൽ സപ്ലൈസ് കോർപ്പറേഷൻ കോഴിക്കോട്ടെ കുറ്റിപ്പുറം ഗോഡൗണിലേക്ക് പെർമിറ്റു കൊടുത്തപ്പോൾ അവിടുത്തെ തൊഴിലാളികൾ, സംഘടിതരായ തൊഴിലാളികൾ റേഷൻ വിതരണം ചെയ്യാൻ സമ്മതിച്ചില്ല. ഇതിന് എന്തെങ്കിലും പരിഹാരം ഉണ്ടാകണം. തൊഴിലാളികളുടെ ആവശ്യങ്ങൾക്കോ അവകാശങ്ങൾക്കോ ഞങ്ങൾ ആരും എതിരല്ല. ഈ രാജ്യത്തെ പാവങ്ങൾ പട്ടിണികിടക്കാതിരിക്കുന്നതിന് തൊഴിൽ സമരം അവസാനിപ്പിക്കുന്നതിനു വേണ്ട നടപടി സ്വീകരിച്ചേ മതിയാകൂ.

LIBRARY ARCHIVES Kerala Legislative Assembly